13
ആഗസ്റ്റ് 2017 ഞായർ
1192 കർക്കടകം 28
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

106 വർഷങ്ങൾ
4 തലമുറകൾ

20 പേജ് ₹ 7.00

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi



## എം.എസ്. രവിക്ക് ലാൽകൃഷ്ണ മാദ്ധ്യമ പുരസ്കാരം

തിരുവനന്തപുരം: മാദ്ധ്യമരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ലാൽകൃഷ്ണ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രഥമ മാദ്ധ്യമ പുരസ്കാരം കേരളകൗമുദി ചീഫ് എഡിറ്റർ എം. എസ്. രവിക്ക് സമ്മാനിക്കും. 50,001 രൂപയും ശില്പവും പ്രശസ്തി പത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം.

സെപ്തംബർ 2ന് വൈകിട്ട് 4 ന് പൗഡിക്കോണം ജംഗ്ഷനിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ എസ്. എൻ. ഡി. പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പുരസ്കാരം സമ്മാനിക്കുമെന്ന് ട്രസ്റ്റ് പ്രസിഡന്റ് ഡി. രഘു, സെക്രട്ടറി എസ്. കെ. അജികുമാർ എന്നിവർ അറിയിച്ചു.

ട്രസ്റ്റ് നടപ്പാക്കുന്ന പെൻഷൻ പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ലാൽകൃഷ്ണ അനുസ്മരണ പ്രഭാഷണം നടത്തും. ഡെപ്യൂട്ടി സ്പീക്കർ വി. ശശി മെരിറ്റ് അവാർഡുകൾ വിതരണം ചെയ്യും. കെ. മുരളീധരൻ എം.എൽ.എ, ഒ. രാജഗോപാൽ എം.എൽ.എ, പാളയം ഇമാം വി.പി. സുഹൈബ് മൗലവി, മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പൽ ജിജി തോമസ്, കെ. ആർ. പ്രസാദ്, ഡി. പ്രേംരാജ്, ആലുവിള അജിത്ത് തുടങ്ങിയവർ പങ്കെടുക്കും.



**സംഘശക്തിയുടെ കാഹളം:** കെ.പി.എം.എസ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തൃശൂരിൽ ഇന്നലെ നടന്ന പ്രകടനം (വാർത്ത പേജ് 7)



**ഇഞ്ചോടിഞ്ച്:** ആലപ്പുഴ പുന്നമടക്കായലിൽ നടന്ന നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ഫൈനലിൽ ഗബ്രിയേൽ ചുണ്ടൻ (5) ഒന്നാമതായി ഫിനിഷ് ചെയ്യുന്നു (വാർത്ത പേജ് 11) ഫോട്ടോ: കെ.ആർ.ലാൽ

### എ.ഡി.എം.കെയ്ക്ക് പിന്നാലെ ജെ.ഡി.യുവും എൻ.ഡി.എയിലേക്ക്

# കോരുവലയുമായി ബി. ജെ.പി

● ജെ.ഡി.യുവിന്റെ എൻ.ഡി.എ പ്രവേശനം 19ന് ● നിതീഷ് കൺവീനറായേക്കും ● 2 കേന്ദ്രമന്ത്രിമാരെ നൽകും

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ബീഹാറിൽ മഹാമുന്നണി തകർത്ത് ജെ.ഡി.യുവിനെയും തമിഴ്നാട്ടിൽ അണ്ണാ ഡി. എം. കെയുടെ രണ്ട് വിഭാഗങ്ങളെയും രാഷ്ട്രീയ തന്ത്രങ്ങളുടെ വലയിൽ കോരിയെടുത്ത് എൻ.ഡി.എ വിപുലീകരിക്കുന്നതോടെ വടക്കേ ഇന്ത്യയിലും ദക്ഷിണേന്ത്യയിലും സ്വാധീനം ശക്തമാക്കുകയാണ് ബി.ജെ.പി.

ഈ മാസം 19ന് ലക്നൗവിൽ ജെ.ഡി.യു ദേശീയ നിർവാഹക സമിതിയോഗത്തിൽ പാർട്ടിയുടെ എൻ.ഡി.എ പ്രവേശനം പ്രഖ്യാപിച്ചേക്കും. നിതീഷ് കുമാറിനെ എൻ. ഡി. എ കൺവീനറാക്കുമെന്നും ജെ. ഡി. യുവിന് കേന്ദ്രത്തിൽ ഒരു കാബിനറ്റ് മന്ത്രിയെയും ഒരു സഹമന്ത്രിയെയും നൽകുമെന്നും അറിയുന്നു. എൻ. ഡി. എ ഘടകകക്ഷിയാകുന്ന എ. ഡി. എം. കെയ്ക്കും മന്ത്രി പദങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്.

ബീഹാറിൽ നിതീഷ് കുമാറിന്റെ മടങ്ങിവരവും തമിഴ്നാട്ടിൽ എ. ഡി. എം. കെയുമായുള്ള സഖ്യവും 2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ എൻ. ഡി.എയുടെ സാദ്ധ്യതകളെ കൂടുതൽ ശക്തമാക്കും. ഒപ്പം പ്രതിപക്ഷഐക്യത്തിന്റെ ശക്തികുറയ്ക്കാനും ബി.ജെ.പി ലക്ഷ്യമിടുന്നു.



നിതീഷ് കുമാർ

ബീഹാറിൽ ബി. ജെ. പിയുമായുള്ള ബാന്ധവത്തെ എതിർത്ത ശരദ് യാദവിനെ ഇന്നലെ രാജ്യസഭാ കക്ഷിനേതാവിന്റെ സ്ഥാനത്തുനിന്ന് മാറ്റി പകരം തന്റെ വിശ്വസ്തനായ ആർ.സി.പി. സിംഗിനെ കക്ഷിനേതാവായി പ്രഖ്യാപിച്ചുകൊണ്ടാണ് നിതീഷ് എൻ. ഡി. എ പ്രവേശനത്തിന് കോപ്പുകൂട്ടുന്നത്. എൻ.ഡി.എ പ്രവേശനത്തിന്റെ സമയം കുറിച്ചതിനൊപ്പം മന്ത്രിസഭാ പുന:സംഘടനയിൽ ജെ.ഡി.യുവിന് ലഭിക്കേണ്ട മന്ത്രിസ്ഥാനങ്ങളെക്കുറിച്ചും ധാരണയായെന്നാണ് അറിയുന്നത്.

ഇതേ തുടർന്നാണ് ഇന്നലെ ബി. ജെ. പി അദ്ധ്യക്ഷൻ അമിത് ഷാ ട്വിറ്ററിലൂടെ നിതീഷിനെ ഔദ്യോഗികമായി എൻ.ഡി.എയിലേക്ക് സ്വാഗതം ചെയ്തത്. നിതീഷിന് കൺവീനർ സ്ഥാനവും ജെ.ഡി. യുവിന് കേന്ദ്രമന്ത്രിമാരെയും നൽകുമ്പോൾ തിരിച്ച് ബി. ജെ. പിക്ക് പാർലമെന്റിൽ ജെ. ഡി. യുവിന്റെ എട്ട് രാജ്യസഭാംഗങ്ങളുടെയും രണ്ട് ലോക്സഭാ അംഗങ്ങളുടെയും പിന്തുണ പ്രയോജനപ്പെടുത്താം. ( ജെ.ഡി.യുവിൽ നിന്ന് നേരത്തേ ശരത് യാദവും ജോർജ്ജ് ഫെർണാണ്ടസും എൻ. ഡി. എ. കൺവീനർ പദവി വഹിച്ചിട്ടുണ്ട്. )

ഈ മാസം 19ന് ജെ. ഡി. യു ദേശീയ നിർവാഹകസമിതി യോഗത്തിൽ നിതീഷ് കുമാർ തന്നെ എൻ. ഡി. എ പ്രവേശനത്തിനുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുമെന്ന് പാർട്ടി ദേശീയ ജനറൽ സെക്രട്ടറി കെ. സി. ത്യാഗി അറിയിച്ചു. പാർട്ടി ഒന്നടങ്കം പിന്താങ്ങും. സംസ്ഥാനത്തും കേന്ദ്രത്തിലും ഒരേസഖ്യം ഭരിക്കുന്നത് ബീഹാറിനെ വികസനത്തിന്റെ ഉയരങ്ങളിലേക്ക് നയിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തമിഴ്നാട്ടിൽ ഭിന്നിച്ചുനിന്ന അണ്ണാ ഡി. എം. കെയിലെ രണ്ടു വിഭാഗങ്ങളെ ഒന്നിപ്പിക്കാൻ ചരടു വലിച്ച ബി.ജെ.പി അവരുടെ എൻ. ഡി.എ പ്രവേശനവും ഉറപ്പാക്കിയാണ് ദക്ഷിണേന്ത്യയിൽ വലവിരിക്കുന്നത്. ശശികലയുടെ ബന്ധുവായ ടി.ടി.വി. ദിനകരനെ പാർട്ടിയിൽ ഒതുക്കി മുഖ്യമന്ത്രി എടപ്പാടി പളനിസ്വാമിക്കും മുൻമുഖ്യമന്ത്രി പനീർ ശെൽവത്തിനും നിയന്ത്രണം നൽകാൻ ബി. ജെ. പിക്ക് സാധിച്ചു.

വാജ്പേയി സർക്കാരിന്റെ കാലത്ത് എ. ഡി.എം.കെ എൻ. ഡി. എയിൽ അംഗമായിരുന്നു. എ. ഡി.എം.കെയ്ക്ക് രാജ്യസഭയിൽ 13ഉം ലോക്സഭയിൽ 37 ഉം അംഗങ്ങളുണ്ട്.

കോൺഗ്രസ് ഭരിക്കുന്ന കർണാടകമാണ് ബി. ജെ. പിയുടെ അടുത്ത ഉന്നം. പാർട്ടി അദ്ധ്യക്ഷൻ അമിത്ഷാ കർണാടകത്തിൽ പര്യടനത്തിലാണ്.

### ശരദ് യാദവിന് പ്രഹരം



ശരദ് യാദവ്



രാമചന്ദ്ര പ്രസാദ് സിംഗ്

ശരദ് യാദവിനെ ജെ.ഡി.യുവിന്റെ രാജ്യസഭാ നേതാവിന്റെ പദവിയിൽ നിന്ന് മാറ്റിക്കൊണ്ട് എതിർപ്പിന്റെ സ്വരം അടിച്ചമർത്തിയിരിക്കയാണ് നിതീഷ് കുമാർ. തന്റെ വിശ്വസ്തൻ രാമചന്ദ്ര പ്രസാദ് സിംഗിനെയാണ് പകരം കക്ഷിനേതാവാക്കിയിരിക്കുന്നത്. ഇദ്ദേഹത്തെ നേതാവായി നിയമിച്ചുകൊണ്ടുള്ള കത്ത് പാർട്ടി ഇന്നലെ രാജ്യസഭാ അദ്ധ്യക്ഷൻ വെങ്കയ്യ നായിഡുവിന് നൽകി. രാഷ്ട്രീയത്തിൽ ഇറങ്ങും മുൻപ് യു. പി. കേഡർ ഐ. എ. എസ് ഉദ്യോഗസ്ഥനായിരുന്നു 59 കാരനായ ആർ. സി. പി. സിംഗ്. ശരദ് യാദവിനൊപ്പം നിന്ന അലി അൻവർ അൻസാരിയെ കഴിഞ്ഞ ദിവസം പ്രതിപക്ഷ യോഗത്തിൽ പങ്കെടുത്തതിന് സസ്പെൻഡ് ചെയ്തിരുന്നു.



### ഉഴവൂർ വിജയന്റെ മരണം

# ക്രൈംബ്രാഞ്ച് അന്വേഷിക്കും

● ഐ.ജി ശ്രീജിത്തിന് ചുമതല

തിരുവനന്തപുരം: എൻ. സി. പി സംസ്ഥാന പ്രസിഡന്റായിരുന്ന ഉഴവൂർ വിജയന്റെ മരണത്തിനു പിന്നിലെ ദുരൂഹതയെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഡി. ജി. പി ലോക് നാഥ് ബെഹ്റ ഉത്തരവിട്ടു. എൻ.സി.പി കോട്ടയം ജില്ലാ കമ്മിറ്റിയുടെയും പൊതുപ്രവർത്തകനായ പായിച്ചിറ നവാസിന്റെയും പരാതിയിലാണ് നടപടി. ഐ.ജി എസ്. ശ്രീജിത്തിനാണ് അന്വേഷണച്ചുമതല. അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ചെയർമാൻ സുൽഫിക്കർ മയൂരി, മരിക്കുന്നതിന് തൊട്ടുമുമ്പത്തെ ദിവസം വിജയനെ ഫോണിൽ വിളിച്ച് വധഭീഷണി മുഴക്കുകയും വ്യക്തിപരമായും കുടുംബാംഗങ്ങളെയും അപമാനിച്ച് സംസാരിക്കുകയും ചെയ്തെന്നാണ് പരാതി.

ഉഴവൂർവിജയനെ പാർട്ടിയിലെ ചിലർ ഭീഷണിപ്പെടുത്തിയെന്നും ഇതേക്കുറിച്ച് അന്വേഷിക്കണമെന്നും കോട്ടയം ജില്ലാ കമ്മിറ്റിയുടെ പരാതിയിൽ പറയുന്നു. സുൽഫിക്കറിനെ ചെയർമാൻ സ്ഥാനത്ത് നിന്ന് നീക്കണമെന്ന് മുഖ്യമന്ത്രിയോട് എൻ. സി. പി ആവശ്യപ്പെട്ടതിന് പിന്നാലെയാണ് പരാതി നൽകിയത്.

വിജയനെ എൻ.സി.പി പ്രസിഡന്റ് സ്ഥാനത്തു നിന്ന് മാറ്റാനുള്ള ഗൂഢാലോചനയുടെ ഭാഗമായാണ് ഫോണിലൂടെ അദ്ദേഹത്തെ ഭീഷണിപ്പെടുത്തിയതെന്നും മരണത്തിനിടയാക്കിയ സാഹചര്യത്തെക്കുറിച്ച് കേസെടുത്ത് അന്വേഷിക്കണമെന്നും പായിച്ചിറ നവാസ് ഇന്നലെ ഡി. ജി. പിയെ കണ്ട് പരാതിപ്പെട്ടിരുന്നു. വിജയനുമായുള്ള സുൽഫിക്കറിന്റെ ഫോൺ സംഭാഷണത്തിന്റെ ശബ്ദരേഖയും ഡി. ജി.പിക്ക് കൈമാറി. ഭാര്യയുടെ ബന്ധുവിന്റെ വിവാഹ ചടങ്ങിലും കായംകുളത്തെ ഗൃഹപ്രവേശ ചടങ്ങിലും പങ്കെടുത്തശേഷം എൻ. സി. പി പ്രവർത്തകരായ സതീഷ്, നിതിൻ എന്നിവർക്കൊപ്പം വരുമ്പോഴാണ് ഉഴവൂർ വിജയന് സുൽഫിക്കറിന്റെ ഫോൺ വന്നത്. ഫോണിലെ സംസാരം വിജയന്റെ ഒപ്പമുണ്ടായിരുന്നവർ കേട്ടിരുന്നു. ഇതേത്തുടർന്ന് രക്തസമ്മർദ്ദം ഉയർന്ന വിജയനെ ആശുപത്രിയിലാക്കി. ഉഴവൂർ വിജയനെ വിളിക്കും മുൻപ് എൻ. സി. പി യുവജനവിഭാഗം അദ്ധ്യക്ഷൻ മുജീബ് റഹ്മാനെ സുൽഫിക്കർ ഫോണിൽ വിളിച്ചതായും പരാതിയിലുണ്ട്. മാനസിക സമ്മർദ്ദം താങ്ങാനാവാതെയാണ് വിജയന്റെ മരണമെന്നാണ് പരാതിയിലുള്ളത്. സ്ത്രീകളെക്കുറിച്ച് ലൈംഗികച്ചുവയുള്ള സംസാരം നടത്തിയതിനും ഗൂഢാലോചന നടത്തിയതിനും വധഭീഷണി മുഴക്കിയതിനും സുൽഫിക്കറിനെതിരെ കേസെടുക്കണമെന്നാണ് നവാസിന്റെ ആവശ്യം.

ഉഴവൂരിന് പാർട്ടിയിൽ ശത്രുക്കളേറെയുണ്ടെന്ന് കോട്ടയം ജില്ലാ പ്രസിഡന്റ് ടി.വി. ബേബി വെളിപ്പെടുത്തിയതിന് പിന്നാലെ, മരണത്തിലെ ദുരൂഹത നീക്കണമെന്നാവശ്യപ്പെട്ട് ഉഴവൂരിന്റെ കുടുംബാംഗങ്ങൾ മുഖ്യമന്ത്രിയെ കണ്ട് നൽകിയ പരാതി ഡി. ജി. പിക്ക് കൈമാറിയിരുന്നു. സുൽഫിക്കർ ഫോണിൽ വിളിച്ച് വധഭീഷണി മുഴക്കിയതായി കായംകുളത്തെ വ്യവസായി നൗഷാദ് ഖാനും വെളിപ്പെടുത്തി. മരണത്തിനിടയാക്കിയ സാഹചര്യങ്ങൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴ വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം റോജോ ജോസഫ് മുഖ്യമന്ത്രിക്കും ഡി.ജി.പിക്കും മനുഷ്യാവകാശ കമ്മിഷനും പരാതി നൽകിയിരുന്നു.

### ശബ്ദരേഖയിലുള്ളത്



അടികൊടുക്കുമെന്നും കൊല്ലുമെന്നും വേണമെങ്കിൽ രണ്ടോ മൂന്നോ കോടി മുടക്കാൻ ബുദ്ധിമുട്ടില്ലെന്നുമൊക്കെയാണ് സുൽഫിക്കർ മയൂരിയുടേതായി പരാതിക്കാരൻ ഹാജരാക്കിയ ശബ്ദരേഖയിലുള്ളത്.

## ഒറ്റനോട്ടം



**ഗോരഖ്പൂർ ദുരന്തം: കൈകഴുകാൻ സർക്കാർ ശ്രമം**

പേജ് 13



**അമിത് ഷായ്ക്ക് നൽകിയത് തിരുത്തിയ റിപ്പോർട്ട്**

പേജ് 7

## ആംബുലൻസ് വിളിക്കാൻ 'ആപ്പ്' വരുന്നു

തിരുവനന്തപുരം: ജനങ്ങൾക്ക് കാലതാമസമില്ലാതെ ആംബുൻസ് സേവനം ലഭ്യമാക്കാൻ ആരോഗ്യവകുപ്പ് മൊബൈൽ ആപ് സൃഷ്ടിക്കും. ഇത് വരുന്നതോടെ ഓൺലൈനിൽ ആംബുലൻ സേവനം നേടാൻ കഴിയും.

108 ആംബുലൻസ് സേവനം മെച്ചപ്പെടുത്താൻ മെഡിക്കൽ സർവീസസ് കോർപറേഷൻ സമർപ്പിച്ച മൂന്ന നിർദേശങ്ങളിലൊന്നാണിത്. ഊബർ ആപ്പിലൂടെ ടാക്സി വിളിക്കുന്നതുപോലെ ആംബുലൻസും വിളിക്കാൻ കഴിയുമെന്നതാണ് പ്രത്യേകത. നിലവിലെ 108 മാതൃക തുടരുക, സ്വകാര്യ സംരംഭകരുടെ പിന്തുണയോടെ കൂടുതൽ ആംബുലൻസുകൾ പ്രവർത്തിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളും കോർപറേഷൻ സമർപ്പിച്ചിട്ടുണ്ട്.

ആധുനിക കോൾ സെന്റർ കേന്ദ്രമാക്കിയാകും ഓൺലൈൻ ആംബുലൻസിന്റെ പ്രവർത്തനം. ആൻഡ്രോയിഡ് ഫോണിലെ ആപ്ലിക്കേഷൻ വഴി ഒരാൾ കോൾ സെന്ററുമായി ബന്ധപ്പെട്ടാൽ പരിസരത്തുള്ള ആംബുലൻസ് അയാൾ നിൽക്കുന്ന സ്ഥലത്ത് എത്തും. ഡ്രൈവറുടെ മൊബൈൽ നമ്പർ, വാഹന നമ്പർ എന്നിവയും ആപ്പിൽ ലഭ്യമാകും. അപകടത്തിൽപ്പെട്ടയാൾക്ക് ഫോൺ ചെയ്യാൻ കഴിയാത്ത അവസ്ഥയാണെങ്കിൽ ബന്ധുക്കൾക്കോ തൊട്ടടുത്തുള്ളവർക്കോ മൊബൈൽ ആപ് വഴി കോൾ സെന്ററുമായി ബന്ധപ്പെടാം. ഇതോടൊപ്പം 108 എന്ന നമ്പരിലും സേവനം ലഭ്യമാകും.



വാഹനങ്ങൾ എൻ. ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് വാങ്ങാനാണ് റിപ്പോർട്ടിലെ ശുപാർശ.

## വൈദ്യുതി കുറഞ്ഞു, 15 മിനിട്ട് കട്ട്

തിരുവനന്തപുരം: പുറത്തുനിന്നുള്ള വൈദ്യുതി വരവ് കുറഞ്ഞതിനെതുടർന്ന് സംസ്ഥാനത്ത് ഇന്നലെ രാത്രി 7 നും 10 നും ഇടയ്ക്ക് 15 മിനിട്ട് ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തി. കഴിഞ്ഞ ഒരുമാസത്തിനുള്ളിൽ ഇത് നാലാമത്തെ തവണയാണ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുന്നത്. താൽച്ചർ, കോളാർ, 400 കെ. വി ലൈനിൽ ജോലി നടക്കുന്നതിനാൽ കേന്ദ്രഗ്രിഡിൽ നിന്നുള്ള വൈദ്യുതിയുടെ വരവിൽ ഇന്നലെ 500 മെഗാവാട്ടിന്റെ കുറവുണ്ടായി. ഇത് പരിഹരിക്കാൻ കായംകുളം താപനിലയം, ബ്രഹ്മപുരം, കോഴിക്കോട് നിലയങ്ങളിൽ നിന്നുമായി അധിക വൈദ്യുതി എത്തിച്ചെങ്കിലും പ്രതിസന്ധി പൂർണമായും പരിഹരിക്കാനായില്ല.

## തലവര

ദിലീപ് പറയുന്നതും പൊലീസ് പറയുന്നതും ശരി: ഡി.ജി.പി



എല്ലാം ശരിയാകുന്നത് ആരുടേയും തെറ്റല്ല

### ആ ദുരന്തം ഇവിടെയും ആവർത്തിക്കുമോ?

# 42 രോഗികൾക്ക് ഡയാലിസിസ് നിലയ്ക്കും

● ഇ.എസ്.ഐ കോർപറേഷൻ ഒരാശുപത്രിക്ക് മാത്രം നൽകാനുള്ളത് 5 കോടി
●ചികിത്സ നൽകില്ലെന്ന് രോഗികൾക്ക് ആശുപത്രി നോട്ടീസ് നൽകി

KAUMUDI EXCLUSIVE

സ്വന്തം ലേഖകൻ

കോഴിക്കോട്: 66 ലക്ഷം രൂപ കുടിശിക കിട്ടാത്തതിനെ തുടർന്ന് ആശുപത്രിയിലേക്കുള്ള ഓക്സിജൻ സപ്ലൈ നിറുത്തുകയും 30 കുട്ടികൾ ശ്വാസംമുട്ടി മരിക്കുകയും ചെയ്ത യു.പി സംഭവം ഇവിടെയും മറ്റൊരു രൂപത്തിൽ ആവർത്തിച്ചാൽ അതിശയിക്കേണ്ട.

ഇ.എസ്.ഐ കോർപറേഷനിൽ നിന്ന് അഞ്ച് കോടിയിലേറെ രൂപ കുടിശികയായ സാഹചര്യത്തിൽ 15 മുതൽ ചില സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ ചികിത്സ നിറുത്താനിരിക്കുകയാണ്. ആഴ്ചയിൽ മൂന്നു തവണ ഡയാലിസിസ് ചെയ്യേണ്ട 42 രോഗികൾക്ക് ഒരാശുപത്രിയിൽ നിന്ന് ഇപ്രകാരം നോട്ടീസ് ലഭിച്ചു കഴിഞ്ഞു.

ഇവരെല്ലാം ഇ.എസ്.ഐ പരിധിയിൽ വരുന്ന രോഗികളാണ്. ഇപ്പോൾ ഒന്നര വർഷത്തെ തുകയാണ് കുടിശികയായത്. ചികിത്സ നിഷേധിക്കാൻ തങ്ങൾ നിർബന്ധിതരാവുമെന്ന് കാട്ടി ഇ. എസ്.ഐ കോർപറേഷന്റെ തൃശൂരിലുള്ള ചീഫ് മെഡിക്കൽ കമ്മിഷണർക്ക് ആശുപത്രികൾ നോട്ടീസ് നൽകിയിട്ടും മറുപടി പോലും ലഭിക്കാത്ത സാഹചര്യത്തിലാണ് രോഗികൾക്ക് നേരിട്ട് നോട്ടീസ് നൽകിയത്.

ഒറ്റത്തവണ ഡയാലിസിസ് മുടങ്ങിയാൽത്തന്നെ അനുബന്ധ പ്രശ്നങ്ങളാൽ മരണം പോലും സംഭവിക്കാവുന്നവരും ഇക്കൂട്ടത്തിലുണ്ട്.

ഇ.എസ്.ഐ ആനുകൂല്യമുള്ള രോഗികൾ ഡയാലിസിസിന് സ്വകാര്യ മേഖലയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെയാണ് സമീപിക്കുന്നത്.

ഒരു ഡയാലിസിസിന് 1610 രൂപയാണ് ഇ.എസ്.ഐ കോർപറേഷൻ ആശുപത്രികൾക്ക് നൽകുക. ഇങ്ങനെ ആഴ്ചയിൽ മൂന്നെണ്ണം വീതം ചെയ്യേണ്ട രോഗികളുടെ ഒന്നര വർഷത്തെ തുകയാണ് കുടിശികയായത്. പകുതി തുകയെങ്കിലും ഉടൻ നൽകിയില്ലെങ്കിൽ ചികിത്സ നൽകില്ലെന്ന് തീർത്തുപറഞ്ഞിരിക്കുകയാണ് ആശുപത്രി അധികൃതർ.

ഇതിനു മുമ്പും തുക കുടിശികയായിരുന്നു. ചികിത്സ നിഷേധിക്കുമെന്ന ഘട്ടം വന്നപ്പോൾ ഇ.എസ്.ഐ കിഡ്നി പേഷ്യന്റ് വെൽഫെയർ അസോസിയേഷൻ എന്ന പേരിൽ സംഘടന രൂപീകരിച്ച് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് ജനസമ്പർക്ക പരിപാടിയിൽ നിവേദനം നൽകിയിരുന്നു.

ഹൈക്കോടതിയെ സമീപിച്ച് ചികിത്സ നിഷേധിക്കുന്നതിനെതിരെ സ്റ്റേ നേടുകയും ചെയ്തു. അങ്ങനെ ചികിത്സാ നിഷേധം ഒഴിവായിക്കിട്ടി.

അന്ന് ഇ.എസ്.ഐ കോർപറേഷൻ കുടിശിക തുകയിൽ അല്പം അടയ്ക്കാൻ തയ്യാറായിരുന്നു.

### ഇപ്പോഴത്തെ ചികിത്സാ രീതി



● കിഡ്നി രോഗികൾ ഓരോ മാസവും അടുത്തുള്ള ഇ. എസ്.ഐ ഡിസ്പെൻസറിയിൽ പരിശോധനയ്ക്ക് പോവുക

● ഡയാലിസിസ് ചെയ്യേണ്ടതാണെന്ന് കാണിച്ച് അവിടെ നിന്ന് റഫറൻസ് വാങ്ങുക

● അതുമായി ഇ.എസ്.ഐ സൂപ്രണ്ടിന്റെ അനുവാദം തേടുക

● തുടർന്ന് ഇ. എസ്.ഐ അംഗീകാരമുള്ള സൂപ്പർ സ്പെഷ്യാലിറ്റിയിൽ ചെന്ന് ഒഴിവുള്ള തീയതിയും സമയവും വാങ്ങുക

● ചെലവായ തുക ആശുപത്രിക്ക് നൽകേണ്ടത് ഇ. എസ്.ഐ കോർപറേഷന്റെ ചീഫ് മെഡിക്കൽ കമ്മിഷണർ

● കോഴിക്കോട്ടെ ഒരാശുപത്രിക്ക് ഇങ്ങനെ നൽകേണ്ട തുകയാണ് അഞ്ച് കോടിയിൽ എത്തി നിൽക്കുന്നത്.



ദുരന്തം യു.പി മുഖ്യമന്ത്രിയുടെ മണ്ഡലത്തിലെ മെഡി. കോളേജിൽ

**പ്രാണവായു മുടക്കി; 30 കുട്ടികൾ പിടഞ്ഞു മരിച്ചു**

■ 66 ലക്ഷം കുടിശിക കിട്ടാത്തതിന് കരാറുകാരൻ ഓക്സിജൻ നൽകിയില്ല

ഇന്നലെ കേരളകൗമുദി പ്രസിദ്ധീകരിച്ച പ്രധാന വാർത്ത

ഒന്നാം ചരമവാർഷികം
(13.08.2017)



അഡ്വ. വെള്ളറട എസ്. വിശ്വനാഥൻ
വെള്ളറട ഹൗസ്, ARA - 18, അത്താണി ലെയ്ൻ,
വഞ്ചിയൂർ, തിരുവനന്തപുരം.

ദുഃഖിതരായ, ഭാര്യ : ജെ. സുലോചന,

മക്കൾ :
വി.എസ്. ലേഖ,
വി.എസ്. രാഖി
(Adv. High Court),

മരുമക്കൾ :
സി.ബി. ഗോപകുമാർ,
അഡ്വ. ബിജു ബാലകൃഷ്ണൻ
(Adv. High Court, Ernakulam).